2026
MARCH
16
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# കേരളം ഏപ്രിൽ ഒമ്പതിന് വിധിയെഴുതും; ഫലം മെയ് നാലിന്

**ന്യൂഡൽഹി:** നിയമസഭാ തിരഞ്ഞെടുപ്പിൽ കേരളത്തിൽ ഏപ്രിൽ 09 ന് വോട്ടെടുപ്പ് നടക്കും. മെയ് നാലിനാണ് വോട്ടെണ്ണൽ നടക്കുകയെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ വാർത്താ സമ്മേളത്തിൽ പറഞ്ഞു. കേരളത്തിൽ ഒറ്റഘട്ടമായിട്ടാണ് തിരഞ്ഞെടുപ്പ് നടക്കുക. തിരഞ്ഞെടുപ്പ് സംബന്ധിച്ച വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും. മാർച്ച് 23 ആണ് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തിയതി. 24 ന് സൂക്ഷ്മ പരിശോധന നടക്കും. 26 ആണ് നാമ നിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം. 2.70 കോടി വോട്ടർമാരാണ് കേരളത്തിലുള്ളത്. 1,571 വോട്ടർമാർ 100 വയസിന് മുകളിലുള്ളവരാണ്. 85 വയസിന് മുകളിൽ 2.04 ലക്ഷം വോട്ടർമാരും ഉണ്ട്. 4.24 ലക്ഷം പുതിയ വോട്ടർമാരാണ്. വനിതാ വോട്ടർമാരാണ് കൂടുതലുള്ളത്. 1.38 കോടി വനിതാ വോട്ടർമാരും, 1.31 കോടി പുരുഷ വോട്ടർമാരുമാണുള്ളത്.

30,471 പോളിഗ് സ്റ്റേഷനുകളാണ് കേരളത്തിലുള്ളത്. ഇതിൽ നഗര മേഖലയിൽ 6,130 പോളിംഗ് സ്റ്റേഷനും ഗ്രാമപ്രദേശങ്ങളിൽ 24, 341 പോളിംഗ് സ്റ്റേഷനുകളുമാണുള്ളത്. ബാലറ്റ് മെഷിനുകളിൽ സ്ഥാനാർഥികളുടെ കളർ ഫോട്ടോകളും ഉണ്ടായിരിക്കും. ഒരോ പോളിംഗ് സ്റ്റേഷനിലും പരമാവധി വോട്ടർമാരുടെ എണ്ണം 1200 ആയിരിക്കും. കേരളത്തിലെ അതേ ദിവസം തന്നെയാണ് അസമിലും പുതുച്ചേരിയിലും വോട്ടെടുപ്പ് നടക്കുക. തമിഴ്നാട്ടിൽ ഏപ്രിൽ 23 നാണ് വോട്ടെടുപ്പ്. പശ്ചിമ ബംഗാളിൽ രണ്ടു ഘട്ടമായിട്ടാണ് തിരഞ്ഞെടുപ്പ്. ഏപ്രിൽ 23 നും 29 നുമാണ് വോട്ടെടുപ്പ് നടക്കുക. കേരളം കൂടാതെയുള്ള മറ്റു നാലു സംസ്ഥാനങ്ങളിലും മെയ് നാലിനാണ് വോട്ടെണ്ണൽ നടക്കുക. കേരളം ഇനി ആര് ഭരിക്കുമെന്ന് വിധിയെഴുതാൻ 25 ദിവസം മാത്രമാണ് ബാക്കിയുള്ളത്. അതേ സമയം വിധിയറിയാൻ ഏകദേശം ഒരു മാസത്തോളം കാത്തിരിക്കേണ്ടി വരും.

# പാചകവാതക ക്ഷാമം: ഗാർഹിക എൽപിജി വിതരണം തടസ്സമില്ലാതെ ഉറപ്പാക്കുമെന്ന് കേന്ദ്രം

**ന്യൂഡൽഹി:** ഗാർഹിക എൽപിജി വിതരണം തടസ്സമില്ലാത്ത രീതിയിൽ ഉറപ്പാക്കുക എന്നതാണ് സർക്കാരിന്റെ ഏറ്റവും ഉയർന്ന മുൻഗണനയെന്ന് കേന്ദ്ര പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം വ്യക്തമാക്കി. വീടുകൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ മുൻഗണനാ മേഖലകളിൽ പാചകവാതക വിതരണം ഉറപ്പാക്കും.



എണ്ണ ശുദ്ധീകരണശാലകളിൽ നിന്നുള്ള എൽപിജി ഉത്പാദനം ഏകദേശം 31% ആയി വർദ്ധിപ്പിച്ചു. എൻസിആറിലെ വ്യവസായങ്ങൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവയ്ക്ക് പ്രകൃതിവാതകത്തിന് പകരം ബയോമാസ്, ആർഡിഎഫ് പെല്ലറ്റുകൾ എന്നിവ ഒരു മാസത്തേക്ക് താൽക്കാലികമായി ഉപയോഗിക്കാൻ മാർച്ച് 13 ൽ പുറപ്പെടുവിച്ച സിഎക്യുഎം ഉത്തരവ് അനുവദിക്കുന്നു. ബദലുകൾ ലഭ്യമല്ലാത്തിടത്ത് കൽക്കരി അല്ലെങ്കിൽ മണ്ണെണ്ണ ഉപയോഗിക്കാം. എൽപിജി ബുക്കിംഗ് ഇടവേളകൾ വർദ്ധിപ്പിക്കുന്നതും നടപടികളുടെ ഭാഗമാണ്. നഗരപ്രദേശങ്ങളിൽ 25 ദിവസവും ഗ്രാമപ്രദേശങ്ങളിൽ 45 ദിവസം വരെയുമാണ് ബുക്കിംഗ് ഇടവേള. സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും 48,000 കിലോലിറ്റർ മണ്ണെണ്ണ അധികമായി അനുവദിച്ചിട്ടുണ്ട്. ഹോസ്പിറ്റാലിറ്റി മേഖലയിൽ എൽപിജിയിലെ പ്രതിസന്ധി കുറയ്ക്കുന്നതിന് മണ്ണെണ്ണ, കൽക്കരി തുടങ്ങിയ ഇതര ഇന്ധനങ്ങൾ ഉപയോഗിക്കുന്നു. എൽപിജി ബുക്കിംഗുകൾ ഡിജിറ്റൽ രീതിയിൽ നടത്താൻ പ്രോത്സാഹിപ്പിക്കാനും, പരിഭ്രാന്തിയോടെയുള്ള ബുക്കിംഗ് നിരുത്സാഹപ്പെടുത്താനും, ഡീലർഷിപ്പ് കേന്ദ്രങ്ങളിലേക്കുള്ള ഉപഭോക്താക്കളുടെ അനാവശ്യ സന്ദർശനങ്ങൾ ഒഴിവാക്കാനും നടപടികൾ സ്വീകരിക്കാൻ പൊതുമേഖലാ എണ്ണക്കമ്പനികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ജനങ്ങളിലെ പരിഭ്രാന്തി കാരണം എൽപിജി ബുക്കിംഗുകളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ട്. ദിവസേനയുള്ള ബുക്കിംഗ് ശരാശരി കഴിഞ്ഞ ദിവസം 55.7 ലക്ഷത്തിൽ നിന്ന് 88.8 ലക്ഷമായി ഉയർന്നു. വാണിജ്യ ഉപഭോക്താക്കൾക്കുള്ള സിലിണ്ടറുകൾ മുൻഗണനാ വിതരണത്തിനായി സംസ്ഥാന ഗവണ്മെന്റിന്റെ പക്കലുണ്ട്. 29 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഉപഭോക്താക്കൾക്ക് വാണിജ്യ എൽപിജി ലഭ്യമാക്കിയിട്ടുണ്ട്. സിലിണ്ടറുകളുടെ ഓൺലൈൻ ബുക്കിംഗുകൾ നിലവിൽ 84% ആണ്. ആശങ്കാകുലരായി എൽപിജി സിലിണ്ടറുകൾ അധികമായി ബുക്ക് ചെയ്യുന്നത് ഒഴിവാക്കണം. എൽപിജി ഏജൻസികളിൽ തിരക്ക് ഒഴിവാക്കാൻ സിലിണ്ടർ ബുക്കിംഗിന് ഡിജിറ്റൽ രീതികൾ ഉപയോഗിക്കണമെന്നും പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം ആവശ്യപ്പെട്ടു. അവശ്യവസ്തുക്കളുടെ പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയാൻ സംസ്ഥാന സർക്കാരുകളും, കേന്ദ്രഭരണ പ്രദേശങ്ങളും നടപടി സ്വീകരിക്കുന്നുണ്ട്. എൽപിജിയുമായി രണ്ട് ഇന്ത്യൻ കപ്പലുകൾ ഹോർമുസ് കടലിടുക്ക് കടന്നു ഈ കപ്പലുകൾ ഇന്നും നാളെയുമായി മുന്ദ്രയിലും കാണ്ട്ലയിലും എത്തിച്ചേരും. എല്ലാ എണ്ണ ശുദ്ധീകരണശാലകളും നിലവിൽ ഉയർന്ന തലത്തിൽ പ്രവർത്തിക്കുന്നു. എല്ലായിടത്തും മതിയായ അസംസ്കൃത എണ്ണ ശേഖരം ഉണ്ട്. കൂടാതെ, രാജ്യം പെട്രോളിന്റെയും ഡീസലിന്റെയും ഉൽപാദനത്തിൽ സ്വയം പര്യാപ്തമാണ്. ആഭ്യന്തര ആവശ്യം നിറവേറ്റുന്നതിന് പെട്രോളും ഡീസലും ഇറക്കുമതി ചെയ്യേണ്ട ആവശ്യമില്ല. എണ്ണ വിപണന കമ്പനികൾ ഇന്ധനം ഇല്ലാത്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

പെട്രോളിന്റെയും ഡീസലിന്റെയും മതിയായ ശേഖരം ലഭ്യമാണ്. അവ പതിവായി നിലനിർത്തുന്നുണ്ട്. പൊതുജനങ്ങൾ പരിഭ്രാന്തരാകരുതെന്നും കേന്ദ്ര സർക്കാർ അറിയിച്ചു.

# ‘വേവ് ഓഫ് ലൈഫ്’; മരണാനന്തര അവയവദാതാക്കൾക്കായി കൊച്ചിയിൽ സ്മാരകം

**കൊച്ചി :** മരണാനന്തര അവയവദാതാക്കളെ ആദരിക്കുന്നതിനായി കൊച്ചിയിൽ സ്മാരകം ഉയരുന്നു. കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെസോട്ടോ), ഹാർട്ട് കെയർ ഫൗണ്ടേഷൻ, ജിസിഡിഎ എന്നിവയുടെ നേതൃത്വത്തിലാണ് കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ‘വേവ് ഓഫ് ലൈഫ്’ എന്ന സ്മാരകം ഉയരുന്നത്.

ഇതുവരെ മൃതസഞ്ജീവനി പദ്ധതി വഴി അവയവദാനം നടത്തിയ എല്ലാവരുടെയും പേരുകൾ ഈ സ്മാരകത്തിൽ രേഖപ്പെടുത്തുന്നതായിരിക്കും. അവയവമാറ്റത്തിലൂടെ രണ്ടാം ജന്മം ലഭിച്ചവരുടെ ജീവിതകഥകൾ, അവയവദാനത്തെക്കുറിച്ചും അവയവമാറ്റ ശസ്ത്രക്രിയകളെക്കുറിച്ചുമുള്ള ശാസ്ത്രീയ വിവരങ്ങൾ, അവയവദാനതിനുള്ള സമ്മതപത്രം നൽകാനുള്ള സംവിധാനങ്ങൾ എന്നിവയെല്ലാം ഈ സ്മാരകത്തിൽ ഉണ്ടായിരിക്കും.

ഇന്ന് ഉച്ചയ്ക്ക് 1 മണിക്ക് കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ വ്യവസായ മന്ത്രി പി. രാജീവിന്റെ സാന്നിധ്യത്തിൽ ആരോഗ്യമന്ത്രി വീണ ജോർജ് സ്മാരകത്തിന് തറക്കല്ലിടും. മറ്റ് വിശിഷ്ടാഥിതികൾക്കൊപ്പം ജിസിഡിഎ ചെയർമാൻ കെ. ചന്ദ്രൻ പിള്ള, കെസോട്ടോ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. നോബിൾ ഗ്രേഷ്യസ് എസ്.എസ്, ഹാർട്ട് കെയർ ഫൗണ്ടേഷൻ ചെയർമാൻ ഡോ. ജോസ് ചാക്കോ പെരിയപ്പുറം എന്നിവർ ചടങ്ങിൽ സംബന്ധിക്കും. സംസ്ഥാന സർക്കാരിന്റെ മൃതസഞ്ജീവനി പദ്ധതിയിലൂടെ അവയവം ദാനം ചെയ്തവരുടെ സ്മാരണയ്ക്കായി നിർമിക്കുന്ന ഈ സ്മാരകം കേരളത്തിലെ ആദ്യത്തേതും രാജ്യത്തെ രണ്ടാമത്തെയും രാജ്യത്തെ ഏറ്റവും വലുതുമായ അവയവദാന സ്മാരകമാണ്. കൂടുതൽ ആളുകളെ അവയവദാനത്തിന് പ്രേരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നിർമ്മിക്കുന്ന സ്മാരകം, പ്രതീക്ഷയുടെയും കരുണയുടെയും അവയവദാതാക്കളുടെ അസാധാരണ ധൈര്യത്തിന്റെയും പ്രതീകമായാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. അവയവദാതാക്കൾ സമൂഹത്തിലെ നിശബ്ദ രക്ഷകരാണെന്ന് ഹാർട്ട് കെയർ ഫൗണ്ടേഷൻ ചെയർമാൻ ഡോ. ജോസ് ചാക്കോ പെരിയപ്പുറം പറഞ്ഞു. ഓരോ ദാതാക്കളുടെയും കുടുംബം പ്രകടിപ്പിക്കുന്ന ആത്മധൈര്യം വാക്കുകൾക്കതീതമാണ്. അവരുടെ ത്യാഗത്തിനുള്ള സമൂഹത്തിന്റെ കൃതജ്ഞതയാണ് ‘വേവ് ഓഫ് ലൈഫ്’ സ്മാരകമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ സ്മാരകം അവയവദാനത്തെക്കുറിച്ച് കേരളത്തിലുടനീളം അവബോധത്തിന്റെ ഒരു തരംഗം ഉണർത്തുകയും ആയിരക്കണക്കിനാളുകളെ ദാതാക്കളാകാൻ പ്രചോദിപ്പിക്കുകയും ചെയ്യുമെന്ന് പ്രത്യാശിക്കുന്നതായും ഡോ. ജോസ് ചാക്കോ പെരിയപ്പുറം പറഞ്ഞു. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അവയവദാനവുമായി ബന്ധപ്പെട്ട ക്യാമ്പയിനുകൾക്കായി ഈ സ്മാരകം ഉപയോഗപ്പെടുത്താവുന്നതാണ്. എല്ലാ നാല് മാസം കൂടുമ്പോഴും കെ സോട്ടോ നൽകുന്ന അവയവദാതാക്കളുടെ പേരുകൾ ഈ സ്മാരകത്തിൽ ആലേഖനം ചെയ്യുന്നതായിരിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **കലൂർ ഇന്റർനാഷണൽ സ്റ്റേഡിയം:** മരണാനന്തര അവയവ ദാതാക്കൾക്കായി കൊച്ചിയിൽ നിർമ്മിക്കുന്ന സ്മാരകത്തിന്റെ ശിലാസ്ഥാപനം മന്ത്രി വീണാ ജോർജ്ജ് ഉച്ചയ്ക്ക് ഒരു മണി. മന്ത്രി പി. രാജീവ് മുഖ്യാതിഥിയായിരിക്കും.

■ **എറണാകുളം ബോട്ട് ജെട്ടി ടികെ രാമകൃഷണൻ സാംസ്കാരിക കേന്ദ്രം :** സിഐടിയു ജില്ലാ കൺവൻഷൻ രാവിലെ 10ന് അഖിലേന്ത്യാ സെക്രട്ടറി കെ. എൻ ഗോപിനാഥ് ഉദ്ഘാടനം ചെയ്യും.

■ **എറണാകുളം ടൗൺ ഹാൾ :** കെ.പി.എം.എസ് സംസ്ഥാന സമ്മേളനം രാവിലെ 10ന് വർക്കിംഗ് പ്രസിഡന്റ് ഡോ.ആർ.വി ജയകുമാർ പതാക ഉയർത്തും. പ്രതിനിധി സമ്മേളനം കെ.പി.എം.എസ് ജനറൽ സെക്രട്ടറി പുന്നല ശ്രീകുമാർ ഉദ്ഘാടനം ചെയ്യും. പ്രസിഡന്റ് പി.എ .അജയഘോഷ് അധ്യക്ഷത വഹിക്കും. വൈകിട്ട് 5 മണിക്ക് സാംസ്കാരിക സമ്മേളനം പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. കൊച്ചി മേയർ വി.കെ.മിനിമോൾ മുഖ്യാതിഥിയായിരിക്കും. എഴുത്തുകാരി ഡോ.പി.എസ് .ശ്രീകല, ചലച്ചിത്ര നിർമ്മാതാവ് ആന്റോ ജോസഫ് തുടങ്ങിയവർ സംസാരിക്കും. ഓർഗനൈസിംഗ് സെക്രട്ടറി പി.വി. ബാബു നന്ദി പറയും.

## തൃപ്പൂണിത്തുറ

■ **തൃപ്പൂണിത്തുറ എൻഎം ഹാൾ :** കെ ജി ഒ എ ജില്ലാ സമ്മേളനം വൈകിട്ട് 4ന് പ്രകടനവും തുടർന്ന് പൊതുസമ്മേളനവും മുൻ മേയർ എം. അനിൽ കുമാർ ഉദ്ഘാടനം ചെയ്യും. കെ. എൻ ഉണ്ണിക്കൃഷ്ണൻ എം. എൽ. എ സംസാരിക്കും.

# നിയമത്തിന് ജീവൻ നൽകുന്നത് അഭിഭാഷകർ : ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണൻ




**കൊച്ചി:** ജനങ്ങൾക്ക് ഉപകരിക്കുന്ന രീതിയിൽ നിയമങ്ങൾക്ക് ജീവൻ നൽകുന്നത് അഭിഭാഷകരാണെന്നും അതിനു വേണ്ടി യുവ അഭിഭാഷകരെ വാർത്തെടുക്കുവാൻ ഉതകുന്ന ഏറ്റവും നല്ല മേഖലയാണ് മൂട്ട് കോർട്ടുകൾ എന്ന് 23മത് അഖിലേന്ത്യാ മൂട്ട് കോർട്ട് കോമ്പറ്റിഷൻ എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ ഉദ്ഘാടനം നിർവ്വഹിച്ചു കൊണ്ട് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് പി.വി. കുഞ്ഞി കൃഷ്ണൻ പറഞ്ഞു. കോളേജ് പ്രിൻസിപ്പൽ ഇൻ ചാർജ് ഡോ. ബിന്ദുമോൾ വി സി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ എറണാകുളം ഗവൺമെന്റ് ലോ കോളേജ് മുൻ വിദ്യാർത്ഥിനിയും കൊച്ചി നഗരസഭ മേയറുമായ വി.കെ മിനിമോൾ മുഖ്യാതിഥിയായിരുന്നു. അലുംനി അസ്സോസിയേഷൻ വൈസ് പ്രസിഡന്റ് അഡ്വ. ചിൻസി ഗോപകുമാർ, പി.ടി.എ കമ്മിറ്റി അംഗം ബിജു പി എ, കോളേജ് യൂണിയൻ ചെയർ പേഴ്സൺ ആർ. നന്ദൻ , പ്രോഗ്രാം കോഓർഡിനേറ്റർ ഡോ. കെ. ലിനി ജോസ് എന്നിവരും ചടങ്ങിൽ സംസാരിച്ചു. ഡോ. പി. എൻ പ്രേംസി, ഡോ പ്രിയ ആർ കൃതജ്ഞതയും രേഖപ്പെടുത്തി.

# മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതികൾക്ക് അംഗീകാരം

കൊച്ചി: ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും 2026-27 വർഷത്തെ വാർഷിക പദ്ധതികൾക്ക് അംഗീകാരം. ജില്ലാ അസൂത്രണ സമിതി ചെയർമാനും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമായ കെ.ജി രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ ചേർന്ന അഡ്ഹോക്ക് കമ്മിറ്റി യോഗത്തിൽ കൊച്ചി കോർപ്പറേഷന്റെ വാർഷിക പദ്ധതികൾ കൂടി അംഗീകരിച്ചതോടെയാണ് ജില്ലയിലെ ആകെ 111 തദ്ദേശസ്ഥാപനങ്ങളുടെയും പദ്ധതി അംഗീകാര നടപടികൾ പൂർത്തിയായത്. കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത്, 82 ഗ്രാമപഞ്ചായത്തുകൾ, 14 ബ്ലോക്ക് പഞ്ചായത്തുകൾ,13 നഗരസഭകൾ എന്നീ തദ്ദേശസ്ഥാപനങ്ങളുടേതായി, ഉത്പാദന മേഖലയിൽ 170 കോടി രൂപയുടെയും സേവന മേഖലയിൽ 931 കോടി രൂപയുടെയും പശ്ചാത്തല മേഖലയിൽ 492 കോടി രൂപയുടെയും ഉൾപ്പടെ ആകെ 1594 കോടി രൂപയുടെ 15376 പ്രോജക്ടുകൾക്കാണ് അംഗീകാരമായത്.

ജില്ലാ ആസൂത്രണ സമിതി ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ ജി. ഉല്ലാസ്, തദ്ദേശസ്ഥാപനങ്ങളിലെ അധ്യക്ഷർ, സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

# കൊച്ചിയുടെ ക്യുറേറ്ററായി ബോസ് കൃഷ്ണമാചാരി

**കൊച്ചി:** കൊച്ചി നഗരത്തിന്റെ ആർട്ട്, ഡിസൈൻ ആൻഡ് കൾചറൽ ക്യൂറേറ്ററായി ബോസ് കൃഷ്ണമാചാരി ചുമതലയേറ്റു. മേയറുടെ ചേംബറിൽ നടന്ന ചടങ്ങിൽ മേയർ അഡ്വ.വി.കെ മിനിമോൾ, ഡെപ്യൂട്ടി മേയർ ദീപക് ജോയ്, ഹൈബി ഈഡൻ എംപി, സ്ഥിരം സമിതി അധ്യക്ഷന്മാരായ ടി.കെ അഷ്റഫ്, ജിസ്മി ജെറാൾഡ്, കോർപ്പറേഷൻ സെക്രട്ടറി പി.എസ് ഷിബു, അഡീഷണൽ സെക്രട്ടറി സജി എൽ.എസ് എന്നിവർ പങ്കെടുത്തു. ക്രിയാത്മക നഗരമായി കൊച്ചിയെ വളർത്തുമെന്ന് ബോസ് കൃഷ്ണമാചാരി പറഞ്ഞു. വിവിധ സംസ്കാരങ്ങളും ആശയങ്ങളും കൂടിച്ചേരുന്ന ഒരു സജീവ നഗരമായാണ് കൊച്ചി വളർന്നത്. കല, ഡിസൈൻ, നഗരപൊതു ഇടങ്ങൾ, നഗരജീവിതം എന്നിവ തമ്മിൽ അർത്ഥവത്തായി ബന്ധിപ്പിക്കുന്ന ഒരു ക്രിയാത്മക നഗരമായി കൊച്ചിയെ വളർത്തും. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനോടും, കലാകാരന്മാരോടും, ആർക്കിടെക്റ്റുമാരോടും, ഡിസൈനർമാരോടും, സ്ഥാപനങ്ങളോടും, കൊച്ചിയിലെ പൗരന്മാരോടും ചേർന്ന് നഗരത്തിന്റെ സാംസ്കാരിക ജീവിതത്തെ കൂടുതൽ ശക്തമാക്കാനും ഭാവിക്കായി ചിന്താപൂർവവും പ്രചോദനകരവുമായ പൊതു ഇടങ്ങൾ സൃഷ്ടിക്കാനും ആഗ്രഹിക്കുന്നതായും ബോസ് കൃഷ്ണമാചാരി പറഞ്ഞു.

# എറണാകുളം മെഡിക്കൽ കോളേജിൽ അത്യാധുനിക നേത്ര ശസ്ത്രക്രിയാ സംവിധാനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ നേത്രരോഗ വിഭാഗത്തിൽ അത്യാധുനിക സാങ്കേതികവിദ്യയോടെയുള്ള 'തകാഗി (Takagi) OM-9 XZ' ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ് മെഷീൻ സ്ഥാപിച്ചു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് കുറഞ്ഞ ചെലവിൽ അതീവ കൃത്യതയോടെ ശസ്ത്രക്രിയകൾ ലഭ്യമാക്കാൻ ഈ സംവിധാനം സഹായകമാകും. അത്യാധുനിക ഒപ്റ്റിക്കൽ സാങ്കേതികവിദ്യയും എൽ.ഇ.ഡി ഇല്യൂമിനേഷൻ സംവിധാനങ്ങളും ഒത്തുചേരുന്ന ഈ മെഷീൻ, തിമിര ശസ്ത്രക്രിയകൾ, ഫാക്കോ ഇമൽസിഫിക്കേഷൻ, ഗ്ലോക്കോമ, റെറ്റിന ശസ്ത്രക്രിയകൾ, ഗ്ലോബ് റിപ്പയർ തുടങ്ങിയ മാഗ്നിഫൈഡ് വ്യൂ ആവശ്യമുള്ള എല്ലാ ഇൻട്രാ, എക്സ്ട്രാ ഒക്കുലാർ ശസ്ത്രക്രിയകൾക്കും ഉപയോഗിക്കാൻ സാധിക്കും. ശസ്ത്രക്രിയകളിലെ സുരക്ഷയും കൃത്യതയും വർദ്ധിപ്പിക്കുന്നതിലൂടെ രോഗികൾക്ക് മികച്ച ചികിത്സാ ഫലം ഉറപ്പാക്കാൻ ഈ സംവിധാനം സഹായിക്കും. പുതിയ മെഷീൻ സജ്ജമായതോടെ ആശുപത്രിയിൽ പ്രതിവർഷം 1,000ത്തിലധികം തിമിര ശസ്ത്രക്രിയകൾ അധികമായി നടത്താനുള്ള ശേഷി വർദ്ധിക്കുകയും അന്ധത നിവാരണ പ്രവർത്തനങ്ങൾക്ക് ഗണ്യമായ സംഭാവന നൽകാൻ സാധിക്കുകയും ചെയ്യും. ഭാരത സർക്കാരിന്റെ ദേശീയ അന്ധത നിവാരണ പദ്ധതിക്ക് പിന്തുണ നൽകുക എന്ന ലക്ഷ്യത്തോടെ സി.എസ്.ആർ പദ്ധതിയുടെ ഭാഗമായി കൊച്ചിൻ റോട്ടറി ക്ലബ്ബാണ് 20 ലക്ഷം രൂപ വിലയുള്ള മെഷീൻ ആശുപത്രിക്ക് കൈമാറിയത്.

# റെയിൽവേ ജീവനക്കാർക്ക് ലൈഫ് സേവർ പരിശീലനം സംഘടിപ്പിച്ചു

**കൊച്ചി:** റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഹെറിറ്റേജ് അമൃത ആശുപത്രിയുമായി സഹകരിച്ച് എറണാകുളം ജംഗ്ഷൻ റെയിൽവേ സ്റ്റേഷനിൽ ലൈഫ് സേവർ ഇൻഷിയേറ്റീവ് സംഘടിപ്പിച്ചു. മെഡിക്കൽ അടിയന്തര സാഹചര്യങ്ങളിൽ ഫലപ്രദമായി പ്രതികരിക്കാൻ ആവശ്യമായ ജീവൻ രക്ഷാ കഴിവുകൾ റെയിൽവേ ജീവനക്കാർക്ക് നൽകുകയാണ് പരിപാടിയുടെ ലക്ഷ്യം. ശുചീകരണ ജീവനക്കാരും റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് അംഗങ്ങളും ഉൾപ്പെടെ 42 റെയിൽവേ ജീവനക്കാർ പരിപാടിയിൽ പങ്കെടുത്തു. കാർഡിയോപൾമണറി റിസസ്സിറ്റേഷൻ (സി പി ആർ), ശ്വാസം മുട്ടൽ (ചോക്കിംഗ്) അടിയന്തര സാഹചരങ്ങൾ കൈകാര്യം ചെയ്യൽ, ഓട്ടോമേറ്റഡ് എക്സ്റ്റേണൽ ഡിഫിബ്രിലേറ്റർ (എ ഇ ഡി) ശരിയായ രീതിയിൽ ഉപയോഗിക്കൽ എന്നിവയിൽ പ്രായോഗിക പരിശീലനമാണ് നൽകിയത്. അമൃത ആശുപത്രിയിലെ പാരാമെഡിക്കൽ വിദഗ്ധർ ചേർന്നാണ് പരിശീലനം നൽകിയത്. തിരുവനന്തപുരം ഡിവിഷനിലെ ചീഫ് മെഡിക്കൽ സൂപ്ര് ഡോ. ശോഭ ജാസ്മിൻ ഉദ്ഘാടനം ചെയ്തു. റോട്ടറി കൊച്ചിൻ ഹെറിറ്റേജ് പ്രസിഡന്റ് ഡോ. വിജയകുമാർ അധ്യക്ഷത വഹിച്ചു. എറണാകുളം ജംഗ്ഷൻ ഏരിയ മാനേജറും സ്റ്റേഷൻ ഡയറക്ടറുമായ എസ് വാസുദേവൻ, റോട്ടറി കൊച്ചിൻ ഹെറിറ്റേജിന്റെ കമ്മ്യൂണിറ്റി സർവീസ് ചെയർ ഡോ. സജിത്ത് കേശവൻ എറണാകുളം റെയിൽവേ ഹെൽത്ത് യൂണിറ്റിലെ സീനിയർ ഡിവിഷണൽ മെഡിക്കൽ ഓഫീസർ ഡോ. നസ്രീം വാലുഗോത്തി ,ദക്ഷിണ റെയിൽവേ എറണാകുളം ചീഫ് ഹെൽത്ത് ഇൻസ്പെക്ടർ എം. സിന്ധു എന്നിവർ പ്രസംഗിച്ചു.

# എറണാകുളത്തെ രണ്ട് ടൂറിസം പദ്ധതികൾക്കായി 3.49 കോടി രൂപയുടെ ഭരണാനുമതി

**കൊച്ചി:** എറണാകുളം ജില്ലയിലെ ടൂറിസം മേഖലയ്ക്ക് ഉണർവേകി ആലങ്ങാട് തീർഥാടന ടൂറിസം സർക്യൂട്ടിനും ആലുവ പാലം സൗന്ദര്യവൽക്കരണത്തിനുമായി സംസ്ഥാന സർക്കാർ 3,49,42,033 രൂപ അനുവദിച്ചു. കളമശ്ശേരി നിയോജക മണ്ഡലത്തിലെ ആലങ്ങാട് തീർഥാടക ടൂറിസം സർക്യൂട്ടിന് 2,01,67,623 രൂപയുടെ ഭരണാനുമതി നൽകിയാണ് ഉത്തരവായത്. ആലുവ മണ്ഡലത്തിലെ ആലുവ പാലത്തിന്റെ സൗന്ദര്യവൽകരണത്തിനും അലങ്കാര പെയിന്റിംഗ് നടത്തുന്നതിനുമായി 1,47,74,410 രൂപയാണ് അനുവദിച്ചു. തീർഥാടക ടൂറിസം പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് കളമശ്ശേരി മണ്ഡലത്തിലെ ആലങ്ങാട് തീർഥാടക ടൂറിസം സർക്യൂട്ടിന് അനുമതി നൽകിയത്. ആലങ്ങാട് പ്രദേശത്തെ വിവിധ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കൊുള്ളതാണ് 'പിൽഗ്രിം ടൂറിസം സർക്യൂട്ട് അറ്റ് ആലങ്ങാട്' പദ്ധതി. ദേവാലയങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി ആഭ്യന്തര തീർഥാടകർക്ക് കൂടി ഗുണകരമാകുന്നതാകും പദ്ധതി. സംസ്ഥാന സർക്കാരിന്റെ ഡിസൈൻ നയത്തിൽ ഉൾപ്പെടുത്തി പാലങ്ങൾ ദീപാലങ്കൃതമാക്കി മാറ്റുന്നതിന്റെ ഭാഗമായിട്ടാണ് ആലുവ പാലം ലൈറ്റിങ് പദ്ധതിക്ക് അനുമതി നൽകിയത്. ആലുവ മണപ്പുറം മേഖലയിലെ ഈ ദീലാപങ്കൃത പദ്ധതി ആലുവയുടെ മൊത്തം വിനോദസഞ്ചാര സാധ്യതകളെ വർധിപ്പിക്കും.

ആലങ്ങാട് മേഖലയിലെ തീർഥാടക ടൂറിസത്തെ പ്രോത്സാഹിപ്പിക്കാൻ പദ്ധതിയിലൂടെ സാധിക്കുമെന്ന് ടൂറിസം മന്ത്രി പി.എ മുഹമ്മദ് റിയാസ് പറഞ്ഞു. ആലങ്ങാടിനെ സാംസ്കാരികപൈതൃക ടൂറിസം ലക്ഷ്യസ്ഥാനമായി ഉയർത്താനാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൊച്ചിയിൽ എത്തുന്ന വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനായിട്ടാണ് ആലുവ പാലത്തിൽ പെയിന്റിംഗ്, ലൈറ്റിംഗ്, അലങ്കാര ജോലികൾ എന്നിവ ഉൾപ്പെടുന്ന പദ്ധതി നടപ്പാക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# സർക്കാർ പരസ്യമായി മാപ്പ് പറയണം : വിശ്വഹിന്ദു പരിഷത്ത്

**കൊച്ചി**: ശബരിമലയിലെ യുവതി പ്രവേശനത്തിൽ മുൻ നിലപാടുകൾ തെറ്റായിരുന്നുവെന്ന് സുപ്രീം കോടതിയിൽ സമ്മതിച്ച് സത്യവാങ്മൂലം സമർപ്പിച്ച സർക്കാർ പൊതു സമൂഹത്തോടും, വിശ്വാസി സമൂഹത്തോടും പരസ്യമായി മാപ്പ് പറയണമെന്ന് വിശ്വഹിന്ദു പരിഷത്ത് കേരള ഘടകം ആവശ്യപ്പെട്ടു. അവിശ്വാസികളായ യുവതികളെ പ്രവേശിപ്പിച്ച് അയ്യപ്പന്റെ പരിപാവനമായ പൂങ്കാവനത്തെ മലീമസപ്പെടുത്താൻ പോലീസിനും മറ്റ് സംവിധാനങ്ങൾക്കുമായി കോടിക്കണക്കിന് രൂപയാണ് ചിലവിട്ടത്. സുപ്രീം കോടതിയിൽ കേസുകൾ നടത്താൻ വീണ്ടും പൊതു ഖജനാവിൽ നിന്നും ലക്ഷങ്ങൾ ചിലവഴിക്കുന്നു. സമൂഹത്തിലെ അശരണരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി ചിലവഴിക്കേണ്ട കോടിക്കണക്കിന് രൂപയാണ് ഇപ്രകാരം അനാവശ്യ കേസുകൾക്കായി സർക്കാർ ചിലവിടുന്നത്. ഇതിനും പുറമെയാണ് ആഗോള അയ്യപ്പസംഗമത്തിന്റെ പേരിലുള്ള വെട്ടിപ്പും, ശബരിമലയിലെ സ്വർണ്ണ കൊള്ളയും. ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങൾക്ക് അനുകൂലമായി സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകിയ സർക്കാർ ആചാര സംരക്ഷണത്തിനായി സമരം ചെയ്ത വിശ്വാസികൾക്കെതിരെ എടുത്തിട്ടുള്ള കേസുകൾ പിൻവലിക്കണമെന്നും വിശ്വാസി സമൂഹത്തോടും പരസ്യമായി മാപ്പ് പറയണമെന്നും വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി അഡ്വ.അനിൽ വിളയിൽ എന്നിവർ ആവശ്യപ്പെട്ടു.

## പെലിക്കൻ ക്രോസ് സ്ഥാപിച്ചു

**കൊച്ചി:** കുസാറ്റ് മെട്രോ സ്റ്റേഷന് സമീപവും അപ്പോളോ പ്രീമിയർ ജംഗ്ഷനിലും പുതുതായി പെലിക്കൻ ക്രോസ് സ്ഥാപിച്ചു. ലയൺസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ 'യാത്രികർക്കൊപ്പം' എന്ന പദ്ധതിയുടെ ഭാഗമായാണ് പെലിക്കൻ ക്രോസ് സംവിധാനം സജ്ജമായിരിക്കുന്നത്. വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്തു. നേരത്തെ ആര്യാസ് ജംഗ്ഷനിൽ വിജയകരമായി നടപ്പിലാക്കിയ പൈലറ്റ് പ്രോജക്റ്റിന് ശേഷമാണ് ഇപ്പോൾ കുസാറ്റിലും അപ്പോളോ ജംഗ്ഷനിലും പെലിക്കൻ ക്രോസ്സുകൾ സ്ഥാപിച്ചത്. നഗരത്തിൽ റൗണ്ട് എബൗട്ട് സംവിധാനം നിലവിൽ വരികയും സിഗ്നലുകൾ ഒഴിവാക്കുകയും ചെയ്തതോടെ കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ചുകടക്കാൻ വലിയ ബുദ്ധിമുട്ട് നേരിട്ടിരുന്നു. ഇത് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ സംവിധാനം ഏർപ്പെടുത്തിയതെന്നും മന്ത്രി പറഞ്ഞു. മണ്ഡലത്തിലെ പത്തിടങ്ങളിൽ പ്രാഥമികമായി ഇത് നടപ്പിലാക്കും. തുടർന്ന് നൂറോളം കേന്ദ്രങ്ങളിൽ ലയൺസ് ക്ലബ്ബിന്റെ സഹകരണത്തോടെ പെലിക്കൻ ക്രോസ്സുകൾ സ്ഥാപിക്കുമെന്നും ഗതാഗത മേഖലയിൽ പുതിയൊരു സംസ്കാരം കൊണ്ടുവരാൻ ഈ പരിഷ്കാരം സഹായിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

# എറണാകുളം ജില്ലയിൽ പാചകവാതക വിതരണത്തിന് തടസമില്ല; ആശങ്ക വേണ്ടെന്ന് ജില്ലാ കളക്ടർ

**കൊച്ചി:** എറണാകുളം ജില്ലയിലെ പാചകവാതക വിതരണം സുഗമമായി തുടരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചതായും ഗാർഹിക ആവശ്യ സിലിണ്ടറുകളുടെ വിതരണത്തിൽ നിലവിൽ തടസങ്ങളില്ലെന്നും ഉപഭോക്താക്കൾക്ക് ആശങ്ക വേണ്ടെന്നും ജില്ലാ കളക്ടർ ജി. പ്രിയങ്ക. എറണാകുളം ജില്ലയിൽ പാചകവാതക വിതരണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ആശങ്കകൾ പരിഹരിക്കാൻ ചേർന്ന പാചക വാതക ഏജൻസി പ്രതിനിധികൾ, കമ്പനി പ്രതിനിധികൾ, ഉപഭോക്തൃകാര്യ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തര യോഗത്തിനു ശേഷമാണ് കളക്ടർ ഇക്കാര്യം അറിയിച്ചത്.

അടുത്ത 25 ദിവസത്തെ ബുക്കിംഗിന് ആവശ്യമായ ഗ്യാസ് സിലിണ്ടർ സ്റ്റോക്ക് കമ്പനികളുടെ പക്കലുണ്ട്. അതിനാൽ ജനങ്ങൾ പരിഭ്രാന്തരാകേണ്ടതില്ല. പെട്ടെന്നുള്ള അമിതമായ ബുക്കിംഗ് കാരണം ഓയിൽ കമ്പനികളുടെ സോഫ്റ്റ്‌വെയറിൽ ചില സാങ്കേതിക തടസ്സങ്ങൾ അനുഭവപ്പെടുന്നുണ്ട്. ഇത് പരിഹരിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു. ഗ്യാസ് ഏജൻസികളിൽ നിന്നും സിലിണ്ടറുകൾ നേരിട്ട് 'ക്യാഷ് ആൻഡ് ക്യാരി' രീതിയിൽ നൽകുന്നത് നിയമവിരുദ്ധമാണ്. അതിനാൽ ഉപഭോക്താക്കൾ സിലിണ്ടറുകൾക്കായി ഏജൻസികളിലോ ഗോഡൗണുകളിലോ നേരിട്ട് എത്തേണ്ടതില്ല.

ഒരു സിലിണ്ടർ മാത്രമുള്ള ഉപഭോക്താക്കൾക്ക് വിതരണത്തിൽ മുൻഗണന നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നു ജില്ലാ കളക്ടർ അറിയിച്ചു. ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അനാഥ മന്ദിരങ്ങൾ, സാമൂഹിക നീതിവകുപ്പിന്റെ അംഗീകാരമുള്ള വൃദ്ധ സദനങ്ങൾ തുടങ്ങിയവയ്ക്ക് വാണിജ്യ സിലിണ്ടർ ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്. പാചകവാതക വിതരണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ തടയാൻ ജില്ലയിൽ പരിശോധന കർശനമാക്കിയിട്ടുണ്ട്. ജില്ലയിലെ ഏഴു താലൂക്കുകളിലായി ഒൻപത് സ്ക്വാഡുകൾ വിതരണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കും. അനുമതിയില്ലാതെ 100 കിലോയിലധികം പാചകവാതകം സൂക്ഷിക്കുന്നത് ശിക്ഷാർഹമാണ്.

ഇത്തരക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യാൻ ജില്ലാ കളക്ടർ നിർദ്ദേശം നൽകി. ഗാർഹിക ആവശ്യത്തിനുള്ള സിലിണ്ടറുകൾ വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി ഉണ്ടാകും. അവധി ദിവസങ്ങളിലും പാചകവാതക വിതരണവുമായി ബന്ധപ്പെട്ട പരാതികൾ കൈകാര്യം ചെയ്യാൻ ജില്ലാ സപ്ലൈ ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും മോണിറ്ററിംഗ് സെല്ലുകൾ പ്രവർത്തിക്കുമെന്നും ഉപഭോക്താക്കൾ ഒരു വിധത്തിലും ആശങ്കപ്പെടേണ്ടതില്ലെന്നും ജില്ലാ കളക്ടർ പറഞ്ഞു.

## നവീകരിച്ച കൊറുംക്കോട്ട ബോട്ട് ജെട്ടി നാടിന് സമർപ്പിച്ചു



**കൊച്ചി:** എറണാകുളം നിയോജകമണ്ഡലത്തിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കൊറുംക്കോട്ട പ്രദേശത്തെ ബോട്ട് ജെട്ടിയുടെ നവീകരണം പൂർത്തിയാക്കി നാടിന് സമർപ്പിച്ചു. വടുതല കടവിൽ നിന്ന് സർവീസ് നടത്തുന്ന ബോട്ടുകളിലൂടെ പ്രദേശവാസികൾക്ക് പ്രധാന ഗതാഗത സൗകര്യം ലഭ്യമാകുന്നതിനാൽ ജെട്ടിയുടെ നവീകരണം ഏറെ ആവശ്യമായിരുന്നു. ടി.ജെ വിനോദ് എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 32 ലക്ഷം രൂപ അനുവദിച്ചാണ് ബോട്ട് ജെട്ടിയുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. ഇറിഗേഷൻ വകുപ്പാണ് നിർമ്മാണ നിർവഹണ ചുമതല വഹിച്ചത്. നവീകരിച്ച ബോട്ട് ജെട്ടിയുടെ ഉദ്ഘാടനം ടി.ജെ വിനോദ് എം.എൽ.എ നിർവഹിച്ചു. ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസി വാര്യത്ത് അധ്യക്ഷത വഹിച്ചു. ജെട്ടിയുടെ നവീകരണത്തോടെ പ്രദേശവാസികൾക്കും യാത്രക്കാർക്കും കൂടുതൽ സുരക്ഷിതവും സൗകര്യപ്രദവുമായ ഗതാഗത സംവിധാനം ലഭ്യമാകുമെന്ന് ടി.ജെ.വിനോദ് എം.എൽ.എ അറിയിച്ചു. ചേരാനല്ലൂർ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷന്മാരായ കെ.ജി രാജേഷ്, വിൻസി ഡെറിസ് വാർഡ് മെമ്പർ രാജു അഴിക്കകത്ത്, സുമ ഷാജൻ, സോണി ചീക്കു, ജെയിംസ് തൈപ്പറമ്പിൽ, റോസ്മേരി ഷാജി, കെ.കെ ജിതിൻ ഉൾപ്പടെയുള്ളവർ പ്രസംഗിച്ചു.

## കുന്നത്തുനാട്ടിൽ അപ്രതീക്ഷിത സ്ഥാനാർത്ഥിയുമായി എൻ.ഡി.എ



*കുന്നത്തുനാട്ടിൽ സംഘടിപ്പിച്ച ഇലക്ഷൻ കൺവെൻഷനിൽ എൻ.ഡി.എയുടെ കേരളത്തിലെ ആദ്യ സ്ഥാനാർത്ഥിയായ ബാബു ദിവാകരനെ എൻ.ഡി.എ നേതാക്കളായ രാജീവ് ചന്ദ്രശേഖർ, സാബു എം.ജേക്കബ്, ബോബി എം. ജേക്കബ്, എ.ബി.ജയപ്രകാശ്, കുരുവിള മാത്യൂസ് എന്നിവർ ചേർന്ന് പ്രഖ്യാപിക്കുന്നു.*

**കുന്നത്തുനാട്:** സംവരണ മണ്ഡലമായ കുന്നത്തുനാട്ടിൽ അപ്രതീക്ഷിത സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ച് എൻ.ഡി.എ. സഖ്യം. അടൂർ മുനിസിപ്പാലിറ്റി മുൻ ചെയർമാനും കോൺഗ്രസ് നേതാവുമായ ബാബു ദിവാകരനെയാണ് ഇന്നലെ കുന്നത്തുനാട്ടിൽ നടന്ന നിയോജക മണ്ഡലം തിരഞ്ഞെടുപ്പ് കൺവെൻഷനിൽ ട്വന്റി20 സംസ്ഥാന പ്രസിഡന്റ് സാബു എം.ജേക്കബ് പ്രഖ്യാപിച്ചത്. ചക്കയാണ് ട്വന്റി20യുടെ തിരഞ്ഞെടുപ്പ് ചിഹ്നം. കുന്നത്തുനാട്ടിലെ ഇടത് വലത് എംഎൽഎമാർ കോടീശ്വരന്മാരായിരിക്കെ സ്വന്തമായി കിടപ്പാടമില്ലാത്ത സ്ഥാനാർത്ഥിയെയാണ് എൻ.ഡി.എ അവതരിപ്പിക്കുന്നതെന്ന് സാബു ജേക്കബ് പറഞ്ഞു. 2006 –ൽ മത്സരിക്കുമ്പോൾ കേവലം നാല് ലക്ഷമായിരുന്നു പി.വി.ശ്രീനിജന്റെ സ്വത്ത്. 2021–ൽ 18 കോടിയയായി ഉയർന്നു. യാതൊരു തൊഴിലും ചെയ്യാതെ കോടികൾ സമ്പാദിക്കുന്ന മാജിക്ക് കുന്നത്തുനാട്ടിലെ യുവജനങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ചാൽ അവർ വിദേശത്ത് തൊഴിൽ തേടി പോകില്ലെന്നും സാബു എം.ജേക്കബ് പറഞ്ഞു. എൻ.ഡി.എയുടെ സംസ്ഥാനത്തെ ആദ്യ സ്ഥാനാർത്ഥിയെയാണ് ഇപ്പോൾ പ്രഖ്യാപിച്ചതെന്നും തർക്കങ്ങളില്ലാതെ 140 മണ്ഡലങ്ങളിലും സ്ഥാനാർത്ഥികളെ ഉടൻ പ്രഖ്യാപിക്കുമെന്ന് ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. കുന്നത്തുനാട്ടിലെ എൻ.ഡി.എയുടെ പ്രചരണത്തിന്റെ ഉദ്ഘാടനം സ്ഥാനാർത്ഥിക്കൊപ്പം ചുവരെഴുതി രാജീവ് ചന്ദ്രശേഖർ നിർവ്വഹിച്ചു. ഇലക്ഷൻ കൺവെൻഷനിൽ ബോബി ജേക്കബ്, പി.പി.സജീവ്, വി.എൻ.വിജയൻ, എ.ബി.ജയപ്രകാശ്, വി.ഗോപകുമാർ, കെ.എസ്.അഭിലാഷ്, ജിബി അബ്രാഹം, അരുൺ കുമാർ, അരുൺ പി.മോഹൻ, ഡോ.ഷമീർ മുഹമ്മദ്, കെ.ചന്ദ്രമോഹൻ, സരള പൗലോസ് , കുരുവിള മാത്യൂസ്, മനോജ് മനക്കേക്കര, സുചീന്ദ്രൻ എന്നിവരും പ്രസംഗിച്ചു.

## മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം സംസ്കൃത സർവകലാശാലയിലെ 17 വിദ്യാർത്ഥികൾക്ക്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ 17 വിദ്യാർത്ഥികൾക്ക് 2022 –23, 2023 –24 വർഷങ്ങളിലെ മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം ലഭിച്ചു. ഗ്രേസ് പി. ജോൺസ് (ഹിസ്റ്ററി), മുഹമ്മദ് മുബഷീർ (ഹിസ്റ്ററി), ടി. വി അതില (കമ്പാരറ്റീവ് ലിറ്ററേച്ചർ), എസ്.അമ്പിളി (സംസ്കൃതം സാഹിത്യം), കെ. പി ദൃശ്യ (സംസ്കൃതം വേദാന്തം), റിമ പ്രകാശ് (മോഹിനിയാട്ടം), എൽ. എ സൗമ്യ(സംസ്കൃതം വേദാന്തം), കെ. ഐ ഗായത്രി (സംസ്കൃതം സാഹിത്യം), കെ. അർഷദ (സൈക്കോളജി), കെ. രേവതി, വി.പി ആവണി (സംസ്കൃതം ജനറൽ), കെ. വി റംസിയ (ഇംഗ്ലീഷ്), ശിവപ്രിയ, ടി. എസ് സുമേഘ(മലയാളം), ടി.വി മീനു (മ്യൂസിക്), ദേവു കൃഷ്ണ എസ്, (സോഷ്യൽ വർക്ക് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്), എം. രസ്ന (സോഷ്യോളജി), എന്നിവർക്കാണ് മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം ലഭിച്ചത്. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവുമാണ് പുരസ്കാരം. രണ്ടര ലക്ഷം രൂപയിൽ കുറവ് വാർഷിക കുടുംബ വരുമാനമുള്ള ആയിരം വിദ്യാർത്ഥികളെ വീതമാണ് ഓരോ വർഷവും തിരഞ്ഞെടുക്കുക. മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം നേടിയ വിദ്യാർത്ഥികളെ വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ് അനുമോദിച്ചു. കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ ചരിത്രത്തിലെ സാമൂഹ്യനീതി ഇടപെടലുകളിൽ നാഴികക്കല്ലായാണ് 'മുഖ്യമന്ത്രിയുടെ വിദ്യാർഥിപ്രതിഭാ പുരസ്കാര'ത്തിന് സർക്കാർ 2021–22 വിദ്യാഭ്യാസ വർഷത്തിൽ തുടക്കം കുറിച്ചത്. ഓരോ സർവകലാശാലയിലും വിവിധ പഠന വിഷയങ്ങളിൽ ഏറ്റവും ഉയർന്ന മാർക്കോടെ ബിരുദം നേടിയിറങ്ങിയവർക്ക്, ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ നൽകുന്ന ഈ പുരസ്കാരം രാജ്യത്ത് തന്നെ ആദ്യമായി നടപ്പാക്കുന്നത് കേരളത്തിലാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സ്വകാര്യ ഐടി പാർക്കുകൾ, ഐടി കമ്പനികൾ എന്നിവയ്ക്ക് സർക്കാർ ഐടി പാർക്കുകളുമായി അഫിലിയേഷൻ

**കൊച്ചി:** സ്വകാര്യ ഐ.ടി പാർക്കുകൾ, ടെക്നോളജി(ഐ.ടിഡിജിറ്റൽ) കമ്പനികൾ, കോവർക്കിംഗ് സ്പെയിസുകൾ തുടങ്ങിയവയ്ക്ക് സർക്കാർ ഐടി പാർക്കുകളുമായി അഫിലിയേറ്റ് പ്രോഗ്രാം നടപ്പിലാക്കാൻ സർക്കാർ അനുമതി നൽകി. അതത് സർക്കാർ ഐടി പാർക്കുകളിലെ സിഇഒ മാർക്ക് ഇതു സംബന്ധിച്ച വിവേചനാധികാരം നൽകി ഇലക്ട്രോണിക്സ് ഐടി വകുപ്പ് ഉത്തരവിറക്കി. കേരളത്തിലെ ഐ.ടി മേഖലയുടെ സമഗ്രമായ വളർച്ച ലക്ഷ്യമിട്ടാണ് പുതിയ തീരുമാനം.

സർക്കാർ ഐ.ടി പാർക്കുകൾക്ക് പുറത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കൂടി ഔദ്യോഗിക കേരള ഐ.ടി ശൃംഖലയുടെ ഭാഗമാക്കാനാണ് ഇതിലൂടെ സാധിക്കും. ഇൻഫോപാർക്ക്, ടെക്നോപാർക്ക്, ഗവ. സൈബർപാർക്ക് എന്നീ സർക്കാർ ഐ.ടി പാർക്കുകളുടെ സിഇഒമാർക്കാണ് ഈ പദ്ധതി നടപ്പിലാക്കാനുള്ള ചുമതല നൽകിയിരിക്കുന്നത്. സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയില്ലാത്ത വിധം സർക്കാർ ഐ.ടി പാർക്കുകളിലെ നിലവിലുള്ള ജീവനക്കാരെ പ്രയോജനപ്പെടുത്തി പദ്ധതി നടപ്പാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ ചെറുകിട ഇടത്തരം ഐ.ടി കമ്പനികളെ തിരിച്ചറിയുന്നതിനും അവ നേരിടുന്ന ബിസിനസ് പ്രതിസന്ധികൾ പരിഗണിക്കാനും പദ്ധതി സഹായമാകും. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സോഫ്റ്റ്‌വെയർ കയറ്റുമതി വർദ്ധിപ്പിക്കുക, കേരള ഐ.ടി ബ്രാൻഡിന്റെ സാധ്യതകൾ എല്ലാവർക്കും ലഭ്യമാക്കുക എന്നിവയും ഇതിലൂടെ ഉദ്ദേശിക്കുന്നു. ഇതിനായി ഐ.ടി കമ്പനികൾക്ക് പുറമെ സ്വകാര്യ സംരംഭകരുമായി സഹകരിച്ച് പൊതുസ്വകാര്യ പങ്കാളിത്ത (പി.പി.പി) മാതൃകയിൽ പുതിയ ഐ.ടി പാർക്കുകൾ സ്ഥാപിക്കാനും ഇതുവഴി സാധിക്കും.

പദ്ധതിയുടെ ഭാഗമാകുന്ന സ്ഥാപനങ്ങൾക്ക് മെന്റർഷിപ്പ് പിന്തുണ, സി.ഇ.ഒ മെന്ററിംഗ്, പേറ്റന്റുകൾക്കുള്ള സാമ്പത്തിക പ്രോത്സാഹനങ്ങൾ എന്നിവ ലഭ്യമാക്കും. കൂടാതെ, കേരള ഐ.ടി പാർക്ക് അഫിലിയേറ്റ് ലോഗോ ഉപയോഗിക്കാനുള്ള അനുമതി, ഐ.ടി പാർക്ക് പോർട്ടലിലൂടെ തൊഴിലവസരങ്ങൾ ലിസ്റ്റ് ചെയ്യാനുള്ള സൗകര്യം, ദേശീയഅന്തർദേശീയ പ്രദർശനങ്ങളിൽ പങ്കെടുക്കാനുള്ള അവസരം എന്നിവയും ലഭിക്കും. പരിശീലന പരിപാടികൾ, ജീവനക്കാർക്കുള്ള ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി, നിയമസഹായം, ഏകജാലക ബിസിനസ് സംവിധാനങ്ങൾ എന്നിവയിലൂടെ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാൻ സാധിക്കും. കൃത്യമായ ഇടവേളകളിൽ പ്രവർത്തനറിപ്പോർട്ട് നൽകുന്ന അഫിലിയേറ്റഡ് സ്ഥാപനങ്ങളെ ബ്രോൺസ്, സിൽവർ, ഗോൾഡ്, പ്ലാറ്റിനം തുടങ്ങിയ വിവിധ വിഭാഗങ്ങളായി തിരിച്ചായിരിക്കും ആനുകൂല്യങ്ങൾ നൽകുക.

വിവിധ ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന വിധത്തിലാണ് പദ്ധതിയുടെ അധികാര പരിധി നിശ്ചയിച്ചിരിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകൾ ടെക്നോപാർക്കിന്റെ കീഴിലും ആലപ്പുഴ, എറണാകുളം, പാലക്കാട്, ഇടുക്കി, കോട്ടയം, തൃശൂർ ജില്ലകൾ ഇൻഫോപാർക്കിന്റെ കീഴിലും ആയിരിക്കും. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, മലപ്പുറം, വയനാട് ജില്ലകളിലെ സ്ഥാപനങ്ങളെ ഗവ. സൈബർപാർക്കുമായായാണ് അഫിലിയേറ്റ് ചെയ്യേണ്ടത്. പൊതുമേഖലയുടെ മേൽനോട്ടവും സ്വകാര്യമേഖലയുടെ കാര്യക്ഷമതയും ഒത്തു ചേരുന്ന ഈ ഉദ്യമം കേരളത്തെ ആഗോള ഐ.ടി നിക്ഷേപ കേന്ദ്രമാക്കി മാറ്റുന്നതിനും സംസ്ഥാനത്തിന്റെ ഡിജിറ്റൽ സമ്പദ് വ്യവസ്ഥയ്ക്ക് ശക്തമായ അടിത്തറ പാകുന്നതിനും സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## വനിതാ കിക്ക് ബോക്സിങ്ങ്: നിഷാ നെഗിയും ലിജ ചന്ദ്രനും ചാമ്പ്യന്മാർ



**കൊച്ചി:** ലുലുമാളിന്റെ 13മത് വാർഷിക ആഘോഷത്തിന്റേയും വനിതദിനാഘോഷത്തിന്റേയും ഭാഗമായി പെൺ കരുത്തറിയിക്കുന്ന വനിതാ കിക്ക് ബോക്സിങ്ങ് നൈറ്റ് അരങ്ങേറി. ലുലു ലേഡി പഞ്ച് എന്ന പേരിൽ സംഘടിപ്പിച്ച മത്സരത്തിന്റെ ഉദ്ഘാടനം ഗായിക അമൃത സുരേഷ് നിർവഹിച്ചു. നാല് കാറ്റഗറികളിലായി സംഘടിപ്പിച്ച വനിതാ കിക്ക് ബോക്സിങ്ങ് ചാമ്പ്യൻഷിപ്പിൽ ഹിമാചലിൽ നിന്നുള്ള വനിതാ കിക്ക് ബോക്സിങ്ങ് താരം നിഷ നെഗി ടെറ്റിൽ ബെൽറ്റ് ചാമ്പ്യനായി. മലയാളി താരം അശ്വതി ഗോപിനാഥിനെയാണ് ഇടിക്കൂട്ടിൽ നേരിട്ടത്. കോമെയിൻ ഇവന്റിൽ അനാമിക, ലിജ ചന്ദ്രൻ എന്നിവർ ഏറ്റുമുട്ടിയ മത്സരത്തിൽ ലിജ ചന്ദ്രൻ ചാമ്പ്യനായി. മറ്റ് രണ്ട് മത്സരങ്ങളിൽ ഗോപിക, റുക്സാന എന്നിവർ ചാമ്പ്യനായി. വിജയികൾ 10,000 രൂപയുടെ ക്യാഷ് പ്രൈസും ചാമ്പ്യൻ ബെൽറ്റും ഏറ്റുവാങ്ങി. രണ്ടാം സ്ഥാനത്ത് എത്തിയവർക്ക് 5,000 രൂപ ക്യാഷ് അവാർഡ് സമ്മാനിച്ചു. നാല് മത്സരത്തിലേയും വിജയികൾക്ക് 60, 000 രൂപയുടെ ക്യാഷ് അവാർഡാണ് മൊത്തം വിതരണം ചെയ്തത്. കേരളത്തിൽ നിന്നുള്ള കിക്ക് ബോക്സിങ്ങ് ചാമ്പ്യന്മാരും വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സരാർത്ഥികളും പരിശീലകരും ഭാഗമായി. ചാമ്പ്യന്മാർ ഉദ്ഘാടകയായായ അമൃത സുരേഷിന് മുന്നിലെത്തി ഫേസ് ഓഫ് നടത്തിയ ശേഷമാണ് ഇടിക്കൂട്ടിൽ കയറിയത്. മൂന്ന് മിനിറ്റിന്റെ മൂന്ന് റൗണ്ടുകളിലായിട്ടാണ് മത്സരം അരങ്ങേറിത്. ചടങ്ങിൽ ലുലുവിന്റെ വനിതാ പ്രതിനിധികളായ ലുലുഗ്രൂപ്പ് ഇന്ത്യ ഇവന്റ് ജനറൽ മാനേജർ ദിലു വേണുഗോപാൽ, എച്ച്.ആർ മാനേജർ ആർ. ഐശ്വര്യ, എസ്.ഒ.എച്ച് റീട്ടെയിൽ ക്ലസ്റ്റർ മാനേജർ സുജാ തോമസ്, കോമ്പാക്ട് ഫിറ്റ്നസ് ടീം സി.ഇ.ഒ മറിയം ചെറിയാൻ, ജനറൽ മാനേജർ റോണക് എന്നിവർ പങ്കെടുത്തു. ചടങ്ങിൽ ബിഗ്ബോസ് താരവും ബോക്സിങ്ങ് ചാമ്പ്യനുമായ റിതു മന്ത്ര അവാർഡുകൾ സമ്മാനിച്ചു.

## പുരസ്കാര നിറവിൽ കെഫോൺ

**തിരുവനന്തപുരം:** കേരള സർക്കാരിന്റെ അഭിമാന പദ്ധതിയായ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് ലിമിറ്റഡിന് (കെഫോൺ) രാജ്യാന്തര അംഗീകാരം. ഏഷ്യൻ ടെലികോം മാഗസിൻ സംഘടിപ്പിച്ച 'ഏഷ്യൻ ടെലികോം അവാർഡ്സ് 2026'ൽ 'ബ്രോഡ്ബാൻഡ് ടെലികോം കമ്പനി ഓഫ് ദി ഇയർ' പുരസ്കാരത്തിനാണ് കെഫോൺ അർഹമായത്. ഏഷ്യയിലെ ടെലികോം മേഖലയിലെ നൂതനമായ മാറ്റങ്ങളെയും മികച്ച സേവനങ്ങളെയും ആദരിക്കുന്നതിനായി ഏഷ്യയിലെ മുൻനിര അന്താരാഷ്ട്ര മൊബൈൽ വാർത്താവിനിമയ പ്രസിദ്ധീകരണമായ ഏഷ്യൻ ടെലികോം നൽകുന്നതാണ് ഈ പുരസ്കാരം. കേരളത്തിലുടനീളം ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും എല്ലാവർക്കും ഇന്റർനെറ്റ് ലഭ്യമാക്കുന്നതിനും കെഫോൺ നടത്തുന്ന ഇടപെടലുകളാണ് പുരസ്കാരത്തിന് വഴിയൊരുക്കിയത്.

ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിൽ സംസ്ഥാനത്ത് കെഫോൺ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ സംസ്ഥാനത്തുടനീളം 32,000 കിലോമീറ്റർ ഫൈബർ ഒപ്റ്റിക് കേബിൾ ശൃംഖല പൂർത്തിയാക്കുകയും, ജില്ലാതല ഇന്റർനെറ്റ് ഗേറ്റ്‌വേകളായി പ്രവർത്തിക്കുന്ന 375 പോയിന്റ് ഓഫ് പ്രസൻസ് സെന്ററുകൾ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചിയിലെ അത്യാധുനിക നെറ്റ്‌വർക്ക് ഓപ്പറേഷൻ സെന്റർ വഴി തടസ്സമില്ലാത്ത സേവനമാണ് ഉറപ്പാക്കുന്നത്. ഡിജിറ്റൽ വിടവ് നികത്തി സാധാരണക്കാർക്ക് മിതമായ നിരക്കിൽ അതിവേഗ ഇന്റർനെറ്റ് എത്തിക്കാനുള്ള കേരളത്തിന്റെ ശ്രമങ്ങൾക്കുള്ള അംഗീകാരമാണിതെന്ന് കെഫോൺ മാനേജിങ് ഡയറക്ടർ ഡോ. സന്തോഷ് ബാബു പറഞ്ഞു. സാങ്കേതികവിദ്യയിലൂടെ എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനമാണ് ലക്ഷ്യം. നിലവിൽ 1.5 ലക്ഷത്തിലധികം കണക്ഷനുകൾ പദ്ധതിയിലൂടെ നൽകിക്കഴിഞ്ഞു. വീടുകൾ, സർക്കാർ സ്ഥാപനങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേക്ക് അതിവേഗ ഇന്റർനെറ്റ് എത്തിക്കുന്നതിലൂടെ കേരളത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ചയിൽ നിർണ്ണായക പങ്കാണ് കെഫോൺ വഹിക്കുന്നത്.

## പുൽമേടുകളും പ്രകൃതിയും: ശ്രദ്ധനേടി 'ഷോല ഗ്രാസ്‌ലാന്റ്സ് '



**കൊച്ചി:** വിവിധ കാലാവസ്ഥ വ്യത്യാസങ്ങളിൽ പുൽമേടുകൾക്ക് ഉണ്ടാകുന്ന മാറ്റങ്ങൾ ക്യാൻവാസിൽ ആക്കിയിരിക്കുകയാണ് പ്രീതി വടക്കാത്ത്. കൊച്ചി മുസിരിസ് ബിനാലെയുടെ ഭാഗമായി മട്ടാഞ്ചേരി ബസാർ റോഡിലെ ഗാർഡൻ കൺവെൻഷൻ സെന്ററിൽ നടക്കുന്ന 'ഇടം' പ്രദർശനത്തിൽ 'ഷോല ഗ്രാസ്‌ലാന്റ്സ്' എന്ന കലാസൃഷ്ടി പ്രമേയം കൊണ്ടും രചനാ ഭംഗികൊണ്ടും ശ്രദ്ധേയമാവുകയാണ്. കേരളത്തിലെ പുൽമേടുകളുടെ ദൃശ്യങ്ങളാണ് പ്രീതി തന്റെ കാൻവാസുകളിൽ ആവിഷ്കരിച്ചിരിക്കുന്നത്. വലിയ കാൻവാസിൽ അക്രിലികിൽ വരച്ച പുൽമേടുകളും വിവിധ കാലാവസ്ഥകളിൽ മാറ്റം വരുന്ന ചെറിയ ചിത്രങ്ങളും പ്രദർശനത്തിലുണ്ട്. നാല് വർഷം മുമ്പ് മൂന്നാറിൽ ഫാം ഹൗസ് നിർമ്മാണത്തിനായി എത്തിയപ്പോഴാണ് പുൽമേടുകളെ കുറിച്ചുള്ള ചിത്രങ്ങൾ വരച്ചു തുടങ്ങിയതെന്ന് പ്രീതി പറഞ്ഞു. പുൽമേടുകളിലെ വൈവിധ്യവും അവയുടെ മാറ്റങ്ങളും തന്നെ സ്വാധീനിച്ചു. ചെന്നൈ സ്റ്റെല്ല മാരിസ് കോളേജിൽ നിന്ന് ഫൈൻ ആർട്സ് ചരിത്രത്തിൽ ബിരുദധാരിയാണ് പ്രീതി. ഇടുക്കി ഉടുമ്പൻ ചോലയിലെ പുൽമേടുകളെയാണ് തന്റെ കലയിലൂടെ അടയാളപ്പെടുത്തുന്നത്. വനവൽക്കരണവും മരങ്ങളും വലിയ തോതിൽ ശ്രദ്ധിക്കപ്പെടുമ്പോൾ പുൽമേടുകൾ പലപ്പോഴും തരിശുഭൂമിയായി അവഗണിക്കപ്പെടുകയാണെന്ന് പ്രീതി പറഞ്ഞു.

ഭൂഗർഭജലം സംരക്ഷിക്കുന്നതിലും മണ്ണൊലിപ്പ് തടയുന്നതിലും പുൽമേടുകൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. ചിത്രങ്ങളിലൂടെ സൂക്ഷ്മമായി നോക്കിയാൽ പുല്ലുകൾക്കിടയിലെ പക്ഷികളെയും കൂടുകളെയും പാമ്പുകളെയുമെല്ലാം കാണാൻ സാധിക്കും. കഠിനമായ സാഹചര്യങ്ങളിലും അതിജീവിക്കാനുള്ള പുല്ലിന്റെ കരുത്തിനെയാണ് താൻ ഇതിലൂടെ പ്രതിഫലിപ്പിക്കുന്നതെന്ന് പ്രീതി വ്യക്തമാക്കുന്നു.

മനുഷ്യരൂപങ്ങൾ കേന്ദ്രീകരിച്ചു ചിത്രങ്ങൾ ചെയ്തിരുന്ന ഇവർ കൊച്ചിയിലെ തന്റെ തോട്ടത്തിലെ ചെടികളെ കുറിച്ചുള്ള പഠനത്തിന് ശേഷമാണ് സസ്യലോകത്തേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചത്. തന്റെ വീടിനും ഫാമിനുമായി നീക്കം ചെയ്യപ്പെട്ട പുൽമേടുകളോടുള്ള ക്ഷമാപണവും ആ ആവാസവ്യവസ്ഥയോടുള്ള ആദരവുമാണ് ഈ ചിത്ര പരമ്പരയെന്ന് അവർ പറഞ്ഞു.

# പ്രതിരോധശേഷി കൂട്ടാൻ പ്രഭാത ഭക്ഷണം പ്രധാനമെന്ന് വിദഗ്ധർ

**കൊച്ചി:** ദിവസത്തിന്റെ തുടക്കം മുതൽ തന്നെ പോഷകസമൃദ്ധമായ ഭക്ഷണങ്ങൾ നൽകി ശരീരത്തെ പിന്തുണയ്ക്കുന്നത് അർത്ഥവത്തായ മാറ്റമുണ്ടാക്കുമെന്ന് പ്രമുഖ ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി പറഞ്ഞു. ബദാം, മുട്ട, സിട്രസ് പഴങ്ങൾ, പുളിപ്പിച്ച ഭക്ഷണങ്ങൾ, ധാന്യങ്ങൾ എന്നിവ ദിവസത്തിന്റെ ആദ്യഭാഗത്ത് തന്നെ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത്, ഊർജ്ജത്തോടൊപ്പം രോഗപ്രതിരോധ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുകയും വീക്കം കുറയ്ക്കുകയും ചെയ്യുന്ന പ്രധാന മൈക്രോ ന്യൂട്രിയന്റുകൾ നൽകുകയും ചെയ്യുമെന്നും ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ സംഘടിപ്പിച്ച പ്രത്യേക ക്യാമ്പയിനിൽ സംസാരിക്കവെ അവർ പറഞ്ഞു. വിറ്റാമിൻ ഇ, മഗ്നീഷ്യം, പ്രോട്ടീൻ, റൈബോഫ്ളേവിൻ, സിങ്ക് എന്നിവ ഉൾപ്പെടെ 15 തരം പോഷകങ്ങളുടെ സ്രോതസ്സാണ് ബദാം. അതേസമയം മുട്ട, രോഗപ്രതിരോധ നിയന്ത്രണം, ടിസെൽ പ്രവർത്തനം എന്നിവ കൂടാതെ മറ്റ് പല ശാരീരിക കാര്യങ്ങൾക്കും നിർണായകമായ വിറ്റാമിൻ ഡിയും മറ്റ് പോഷകങ്ങളും നൽകി ഉയർന്ന നിലവാരമുള്ള പ്രോട്ടീൻ ഉറപ്പാക്കും. രോഗപ്രതിരോധ സംവിധാനത്തെ പിന്തുണയ്ക്കുകയും, ശക്തമായ ഒരു ആന്റിഓക്സിഡന്റായി പ്രവർത്തിക്കുകയും ചെയ്യുന്നതാണ് സിട്രസ് പഴങ്ങൾ. തൈര്, പ്രഭാതഭക്ഷണ ഇനങ്ങളായ ഇഡ്ഡലി, ദോശ, പഴങ്കഞ്ഞി തുടങ്ങിയവ ഉൾപ്പെടുത്തുന്നത് രാവിലെ കുടലിന് ഗുണകരമായ ബാക്ടീരിയകളെ വർദ്ധിപ്പിക്കാൻ സഹായിക്കും. കൂടാതെ ഈ ശീലങ്ങളെ മതിയായ ഉറക്കം, സന്തുലിതമായ ഭക്ഷണം, ശരിയായ രീതിയിൽ വെള്ളം കുടിക്കൽ എന്നിവയുമായി സംയോജിപ്പിക്കുന്നത് മൊത്തത്തിലുള്ള ആരോഗ്യത്തിന് കൂടുതൽ കരുത്ത് പകരുകയും ചെയ്യുമെന്ന് അവർ കൂട്ടിച്ചേർത്തു.

## ഇ–ഫുട്ബോൾ പ്രചാരണം

**കൊച്ചി:** കൊനാമി ഡിജിറ്റൽ എന്റർടൈൻമെന്റ്, ബി.വി. (കൊനാമി) ഇന്ത്യയിൽ ഇഫുട്ബോളിനായി പ്രത്യേക പ്രചാരണ പരിപാടി ആരംഭിക്കുന്നു. പ്രചാരണത്തിന്റെ ഭാഗമായി ഫുട്ബോൾ, ക്രിക്കറ്റ് താരങ്ങളായ റിങ്കു സിംഗ്, വരുൺ ചക്രവർത്തി, മലയാള സിനിമ താരങ്ങളായ നസ്‌ലെൻ ഗഫൂർ, ചന്ദു സലിം കുമാർ എന്നിവരെയും സഹൽ അബ്ദുൽ സമദ്, ശുഭാഷിഷ് ബോസ് തുടങ്ങിയ ഫുട്ബോൾ ഇതിഹാസങ്ങളെയും ഒരുമിച്ച് സോഷ്യൽ മീഡിയ ചിത്രം നിർമ്മിക്കും. പ്രചാരണം ആരംഭിക്കുന്നതിന്റെ ഭാഗമായി ഇഫുട്ബോൾ ആരാധകർക്ക് മാർച്ച് 12 മുതൽ ഏപ്രിൽ 2 വരെ പ്രത്യേക ലയണൽ മെസ്സി കാർഡ് ലഭിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# നിസ്സാൻ മാഗ്നൈറ്റ് പ്രത്യേക ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു

**കൊച്ചി:** നിസ്സാൻ മോട്ടോർ ഇന്ത്യ ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള കേന്ദ്രീയ പോലീസ് കല്യാൺ ഭണ്ഡാറുമായി (കെപികെബി) സഹകരിച്ച്, പോലീസ്, അർദ്ധസൈനിക മേഖലകളിൽ സേവനമനുഷ്ഠിക്കുന്നവർക്കും വിരമിച്ചവർക്കും അവരുടെ കുടുംബങ്ങൾക്കും നിസ്സാൻ മാഗ്നൈറ്റിൽ പ്രത്യേക ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു. ഈ സഹകരണത്തിന് കീഴിൽ, ഇന്ത്യയിലുടനീളമുള്ള നിസ്സാൻ ഡീലർഷിപ്പുകളിൽ നിന്നും കെപികെബി ഗുണഭോക്താക്കൾക്ക് സവിശേഷ ആനുകൂല്യങ്ങൾ ലഭിക്കും എന്നുമാത്രമല്ല, 5.55% നിരക്കിൽ ആകർഷകമായ ഫിനാൻസ് ഓഫറും ലഭിക്കും.

ഇതിനർഹരായ ഉപഭോക്താക്കൾക്ക് ഒരു പ്രത്യേക പദ്ധതിയെന്ന നിലയിൽ കമ്പനി മൂന്ന് വർഷത്തെ സൗജന്യ പ്രീപെയ്ഡ് മെയിന്റനൻസ് പാക്കേജും നൽകുമെന്ന് നിസ്സാൻ അധികൃതർ പറഞ്ഞു. 2006ൽ സ്ഥാപിതമായ കെപികെബി, കേന്ദ്ര സായുധ പോലീസ് സേനകൾ, കേന്ദ്ര പോലീസ് ഓർഗനൈസേഷനുകൾ, സംസ്ഥാന പോലീസ് സേനകൾ എന്നിവയിലെ ഉദ്യോഗസ്ഥർക്ക് വേ സബ്സിഡി നിരക്കിൽ ഉപഭോക്തൃ ഉൽപ്പന്നങ്ങൾ നൽകുന്ന മാസ്റ്റർ, സബ്സിഡിയറി സ്റ്റോറുകളുടെ രാജ്യവ്യാപകമായ ഒരു ശൃംഖല പ്രവർത്തിപ്പിക്കുന്നു. കേന്ദ്രീയ പോലീസ് കല്യാൺ ഭണ്ഡാറുമായുള്ള സഹകരണം തങ്ങളുടെ ഉദ്യോഗസ്ഥർക്ക് സുരക്ഷിതവും വിശ്വസനീയവും ഉയർന്ന നിലവാരമുള്ളതുമായ മൊബിലിറ്റി പരിഹാരങ്ങൾ നൽകുന്നതിനുള്ള നിസ്സാന്റെ ഉത്തരവാദിത്തത്തെയും പ്രതിബദ്ധതയെയും പ്രതിഫലിപ്പിക്കുന്നുവെന്ന് നിസ്സാൻ മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ സൗരഭ് വത്സ പറഞ്ഞു. അടുത്തിടെ ഇന്ത്യയിൽ നിസ്സാൻ ഗ്രാവിറ്റ് അവതരിപ്പിച്ച കമ്പനി, പുതിയ ഉൽപ്പന്നങ്ങൾ, കൂടുതൽ വളരുന്ന ഡീലർ ശൃംഖല, നിരവധി അന്താരാഷ്ട്ര വിപണികളിലേക്ക് കയറ്റുമതി പ്രവർത്തനങ്ങൾ എന്നിവയിലൂടെ അതിന്റെ സാന്നിധ്യം വിപുലീകരിക്കുന്നത് തുടരുകയാണെന്ന് നിസ്സാൻ പറഞ്ഞു.

# ഇന്ത്യയിൽ ഐകൂ ഇസഡ് 11 എക്സ് സ്മാർട്ട്ഫോൺ അവതരിപ്പിച്ചു



**കൊച്ചി :** ഐകൂ ഇന്ത്യയിൽ പുതിയ സ്മാർട്ട്ഫോൺ ഐകൂ ഇസഡ് 11 എക്സ് അവതരിപ്പിച്ചു. കോളേജ് വിദ്യാർത്ഥികളെയും യുവ ഉപഭോക്താക്കളെയും ലക്ഷ്യമിട്ടാണ് ഈ മോഡൽ പുറത്തിറക്കിയിരിക്കുന്നത്. മീഡിയടെക് ഡിമെൻസിറ്റി 7400 ടർബോ പ്രോസസറാണ് ഫോണിനെ ശക്തിപ്പെടുത്തുന്നത്. ഇതിലൂടെ 10 ലക്ഷത്തിൽ അധികം ആൻടുട്ടു സ്കോർ ലഭിക്കുകയും മൾട്ടിടാസ്കിംഗ്, ഗെയിമിംഗ്, വിനോദം തുടങ്ങിയ ആവശ്യങ്ങൾക്കായി മികച്ച പ്രകടനം നൽകുകയും ചെയ്യുന്നു. 7200എംഎച്ച് ശേഷിയുള്ള വലിയ ബാറ്ററിയും 44 വാട്സ് ഫ്ലാഷ് ചാർജ് സപ്പോർട്ടും ഫോണിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു ദിവസം മുഴുവൻ ഉപയോഗിക്കാവുന്ന വിധത്തിലാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. കൂടാതെ 50 മെഗാപിക്സൽ സോണി എഐ പ്രധാന ക്യാമറയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഫോൺ ഒറിജിൻ ഒഎസ് 6 ഓപ്പറേറ്റിംഗ് സിസ്റ്റത്തിലാണ് പ്രവർത്തിക്കുന്നത്, ഇതിൽ വിവിധ എഐ സവിശേഷതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

17,499 മുതൽ വില ആരംഭിക്കുന്ന ഐകൂ ഇസഡ് 11 എക്സ് മാർച്ച് 16 മുതൽ ആമസോൺ ഉൾപ്പെടെയുള്ള റീട്ടെയിൽ സ്റ്റോറുകളിൽ ലഭ്യമാകും.

# മലബാർ ഗ്രൂപ്പ് ചെയർമാൻ എം. പി. അഹമ്മദിന് അവാർഡ്




**കൊച്ചി:** മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി അഹമ്മദിന് 'ലോക്മത് മഹാരാഷ്ട്രിയൻ ഓഫ് ദ ഇയർ അവാർഡ്സ് 2026'ലെ ബിസിനസ് ഭൂഷൺ അവാർഡ് സമ്മാനിച്ചു. മുംബൈയിലെ ഗേറ്റ് വേ ഓഫ് ഇന്ത്യയിൽ നടന്ന ചടങ്ങിൽ മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസും ഉപമുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെയും ചേർന്നാണ് പുരസ്കാരം സമ്മാനിച്ചത്.

ഇന്ത്യൻ റീട്ടെയിൽ ജ്വല്ലറി മേഖലയെ ആഗോള തലത്തിൽ വലിയ വളർച്ചയിലേക്ക് നയിച്ചതിനും സമൂഹത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിന് നേതൃപരമായ പങ്ക് വഹിച്ചതിനുമാണ് എം.പി. അഹമ്മദിനെ അവാർഡിനായി തെരഞ്ഞെടുത്തത്. ചടങ്ങിൽ ചലച്ചിത്ര താരങ്ങളായ ആമിർ ഖാൻ, വിക്കി കൗശൽ, പിന്നണി ഗായകൻ ഷാൻ മുഖർജി, ലോക്മത് ചെയർമാൻ വിജയ് ദർദ, ലോക്മത് മീഡിയ ഗ്രൂപ്പ് ചീഫ് എഡിറ്റർ രാജേന്ദ്ര ദർദ, വ്യവസായ പ്രമുഖർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കാർട്ടൺ ബോക്സുകൾക്ക് വില വർധന വേണ്ടിവരുമെന്ന് കെസിബിഎംഎ

**കൊച്ചി:** പശ്ചിമേഷ്യയിലെ സംഘർഷവും പ്രധാന അസംസ്കൃത വസ്തുവായ ക്രാഫ്റ്റ് പേപ്പറിന്റെ വിലവർധനയും മൂലം കാർട്ടൺ ബോക്സുകൾക്ക് 15 മുതൽ 20 ശതമാനം വരെ വില വർധിപ്പിക്കേണ്ടത് അനിവാര്യമായതായി കേരള കൊറുഗേറ്റഡ് ബോക്സ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ (കെ.സി.ബി.എം.എ) അറിയിച്ചു. 2024–25ൽ ഇന്ത്യ ഏകദേശം 980 മില്യൺ ഡോളർ മൂല്യമുള്ള പേപ്പറും പേപ്പർ ബോർഡും കയറ്റുമതി ചെയ്തിട്ടുണ്ട്. ഇതിൽ 30 ശതമാനവും പശ്ചിമേഷ്യൻ വിപണികളിലേക്കായിരുന്നു. യുദ്ധത്തെ തുടർന്ന് ഇന്ധനച്ചെലവും കടൽ വഴിയുള്ള ചരക്കുനീക്കത്തിനുള്ള ചെലവും വർധിക്കുന്നത് കാർട്ടൺ ബോക്സുകളുടെ ഉൽപ്പാദനച്ചെലവ് ഗണ്യമായി ഉയർത്തിയിട്ടുണ്ട്. നിലവിലെ സാഹചര്യങ്ങളെ തുടർന്ന് പ്രധാന അസംസ്കൃത വസ്തുവായ ക്രാഫ്റ്റ് പേപ്പറിന് മിൽ ഉടമകൾ 15 മുതൽ 20 ശതമാനം വരെ വില വർധിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കൊറുഗേറ്റഡ് ബോക്സ് നിർമ്മാണ വ്യവസായത്തിന്റെ നിലനിൽപ്പിനും തുടർച്ചയായ ഉൽപ്പാദനം ഉറപ്പാക്കുന്നതിനും വിലവർധന അനിവാര്യമാണെന്ന് അസോസിയേഷൻ പ്രസിഡന്റ് ജി. രാജീവ് പറഞ്ഞു.

# 24.4 ബില്യൺ ഡോളർ വരുമാനമായി ഡിപി വേൾഡ്

**കൊച്ചി :** 2025ൽ റെക്കോർഡ് സാമ്പത്തികനേട്ടങ്ങളുമായി ഡിപി വേൾഡ് ഈ സാമ്പത്തിക വർഷത്തെ ഫലങ്ങൾ പ്രഖ്യാപിച്ചു. വരുമാനം 22 ശതമാനം വർദ്ധിച്ച് 24.4 ബില്യൺ ഡോളറായപ്പോൾ നികുതിക്ക് മുൻപുള്ള വരുമാനം 18 ശതമാനം വർദ്ധിച്ച് 6.4 ബില്യൺ ഡോളറായി ഉയർന്നു. തുറമുഖങ്ങളിലും ടെർമിനലുകളിലും ലോജിസ്റ്റിക്സിലുടനീളമുള്ള ശക്തമായ പ്രകടനമാണ് ഈ നേട്ടത്തിന് പിന്നിലെന്ന് കമ്പനി അധികൃതർ അറിയിച്ചു. ഈ കാലയളവിൽ ഗ്രൂപ്പിന്റെ മൊത്തം ചരക്ക് കൈകാര്യം 5.8 ശതമാനം വർദ്ധിച്ച് 93.4 മില്യൺ ടിഇയു (ഇരുപത് അടി കണ്ടെയ്നർ യൂണിറ്റ്) ആയി. ഓപ്പറേറ്റിങ് ക്യാഷ്ഫ്ലോ 14 ശതമാനം ഉയർന്ന് 6.3 ബില്യൺ ഡോളറായി ആയി. 2025ൽ മൂലധന ചെലവ് 3.1 ബില്യൺ ഡോളറായി ആയി വർദ്ധിച്ചപ്പോൾ നിക്ഷേപിച്ച മൂലധനത്തിലെ വരുമാനം 9.9 ശതമാനമായി ഉയർന്നു. പ്രവർത്തന ലിവറേജും മാനേജ്മെന്റ് കോസ്റ്റും ഉൾപ്പെടെ, ഈ വർഷത്തെ ലാഭം 32.2 ശതമാനം വർദ്ധിച്ച് 1.96 ബില്യൺ ഡോളറിലെത്തി. ഈ സാമ്പത്തിക ഫലങ്ങൾ ഡിപി വേൾഡിന്റെ സംയോജിത പ്ലാറ്റ്ഫോമിന്റെ ശക്തിയെയും വിതരണ ശൃംഖലകൾ പുനഃക്രമീകരിക്കുമ്പോൾ അതുമായി പൊരുത്തപ്പെടാനുള്ള കഴിവിനെയും പ്രതിഫലിപ്പിക്കുന്നുവെന്ന് ഡിപി വേൾഡിന്റെ ഡയറക്ടർ ബോർഡ് ചെയർമാൻ എച്ച്.ഇ. ഇസ്സ കാസിം പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# യാത്രയ്ക്ക് ഇനി ചെലവ് വർധിക്കും; ടോൾ പ്ലാസയിൽ നിരക്ക് വർധിപ്പിച്ച് അതോറിറ്റി

**ന്യൂഡൽഹി:** ടോൾ പ്ലാസകളിൽ ഫാസ് ടാഗ് വാർഷിക പാസ് നിരക്ക് പരിഷക്കരിച്ച് ദേശീയ പാതാ അതോറിറ്റി. 2026-27 സാമ്പത്തിക വർഷം ഫാസ്ടാഗ് വാർഷിക പാസ് നിരക്ക് 3,000 രൂപയിൽ നിന്ന് 3,075 രൂപയാക്കി പരിഷ്കരിക്കുമെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചു. പുതുക്കിയ നിരക്ക് 2026 ഏപ്രിൽ ഒന്നു മുതൽ പ്രാബല്യത്തിൽ വരും. 2008ലെ 'നാഷണൽ ഹൈവേ ഫീ (ഡിറ്റർമിനേഷൻ ഓഫ് റേറ്റ്സ് ആൻഡ് കളക്ഷൻ) റൂൾസ്' വ്യവസ്ഥകൾ പ്രകാരമാണ് നിരക്ക് പരിഷ്കരണം. നിലവിൽ 56 ലക്ഷത്തിലേറെ ഉപഭോക്താക്കളുമായി ഫാസ്ടാഗ് വാർഷിക പാസ് പദ്ധതി സ്വകാര്യ വാഹന ഉടമകൾക്കിടയിൽ വലിയ സ്വീകാര്യതയാണ് നേടിയിരിക്കുന്നത്. ദേശീയ പാതകളിലെയും അതിവേഗ പാതകളിലെയും ഏകദേശം 1,150 ടോൾ പ്ലാസകളിൽ വാർഷിക പാസ് സൗകര്യം ഉപയോഗിക്കുന്ന വാണിജ്യേതര വാഹനങ്ങൾക്കാണ് പുതുക്കിയ നിരക്ക് ബാധകമാവുക. ഒറ്റത്തവണ ഫീസടച്ച് ഒരു വർഷ കാലാവധിയിൽ 200 തവണ ടോൾ പ്ലാസകൾ കടക്കാനാവുന്ന വാർഷിക പാസ് ഇടയ്ക്കിടെ ഫാസ്ടാഗ് റീചാർജ് ചെയ്യേ സാഹചര്യം ഒഴിവാക്കുന്നു. പ്രവർത്തനക്ഷമമായ ഫാസ്ടാഗ് പതിച്ച എല്ലാ സ്വകാര്യ വാഹനങ്ങൾക്കും ഈ സംവിധാനം ഉപയോഗപ്പെടുത്താം.
'രാജ്മാർഗ് യാത്ര' ആപ്പ് വഴിയോ ദേശീയപാത അതോറിറ്റിയുടെ വെബ്സൈറ്റ് വഴിയോ ഒറ്റത്തവണ ഫീസടച്ചാൽ രണ്ട് മണിക്കൂറിനകം നിലവിലെ ഫാസ്ടാഗിൽ വാർഷിക പാസ് പ്രവർത്തനക്ഷമമാകും.

# 'സാഗർ കവച്'; തീരസുരക്ഷാ അഭ്യാസം സംഘടിപ്പിച്ചു



**കൊച്ചി:** സംസ്ഥാന, കേന്ദ്രഭരണ പ്രദേശങ്ങളായ കേരളവും മാഹിയും കേന്ദ്രീകരിച്ച് 'സാഗർ കവച്' എന്ന പേരിൽ രണ്ടുദിവസത്തെ തീരസുരക്ഷാ അഭ്യാസം സംഘടിപ്പിച്ചു. സമുദ്ര മാർഗം ഉണ്ടായേക്കാവുന്ന പാരമ്പര്യേതര ഭീഷണികളെ നേരിടുന്നതിനുള്ള വിവിധ ഏജൻസികളുടെ തയ്യാറെടുപ്പ് വിലയിരുത്തുന്നതിനാണ് അഭ്യാസം സംഘടിപ്പിച്ചത്. അഭ്യാസത്തിന്റെ ഭാഗമായി ഇന്ത്യൻ നാവികസേനയുടെ കപ്പലുകൾ, കോസ്റ്റ് ഗാർഡ് സർഫസ് അസറ്റ്സ്, കസ്റ്റംസ്, മറൈൻ എൻഫോഴ്സ്മെന്റ് വിംഗ്, കൊച്ചി തുറമുഖ അതോറിറ്റി എന്നിവയുടെ പട്രോളിംഗ് ബോട്ടുകൾ എന്നിവ കേരള തീരത്ത് വിന്യസിക്കപ്പെട്ടു. ഇന്ത്യൻ നാവികസേനയുടെയും ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെയും യുദ്ധവിമാനങ്ങൾ മുഖേന വിപുലമായ വ്യോമ നിരീക്ഷണം നടത്തി. ദക്ഷിണ നാവിക കമാൻഡിലെ ഫ്ളാഗ് ഓഫീസർ കമാൻഡിംഗ് ഇൻ ചീഫ്, കോസ്റ്റൽ ഡിഫൻസ് (സൗത്ത്) കമാൻഡർ ഇൻ ചീഫ് കൂടിയായ വൈസ് അഡ്മിറൽ സമീർ സക്സേനയുടെ നേതൃത്വത്തിലാണ് അഭ്യാസം നടന്നത്. സമുദ്രത്തിൽ ബഹുതല സുരക്ഷ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത, തുറമുഖങ്ങളും പ്രധാന സ്ഥാപനങ്ങളും ഉൾപ്പെടുന്ന സുരക്ഷാ സംവിധാനങ്ങളുടെ കാര്യക്ഷമതാ വിലയിരുത്തൽ, ഭീഷണികളെ ചെറുക്കുന്നതിനായി സാങ്കേതികവിദ്യ അധിഷ്ഠിതമായ നിരീക്ഷണ സംവിധാനങ്ങളുടെ സാധൂകരണം എന്നിവയാണ് അഭ്യാസത്തിൽ പ്രധാനമായി ശ്രദ്ധ കേന്ദ്രീകരിച്ച മേഖലകൾ.
തീരസുരക്ഷ കൂട്ടായ ഉത്തരവാദിത്തമായതിനാൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണവും ഏകോപനവും നടന്നു. സുരക്ഷാ ഏജൻസികളുടെ 'കണ്ണും കാതും' എന്ന നിലയിൽ പ്രവർത്തിക്കുന്ന മത്സ്യബന്ധന സമൂഹത്തിന്റെ പങ്കിനും ഊന്നൽ നൽകി.തീരദേശ സുരക്ഷാ പ്രവർത്തനങ്ങളുടെയും അഭ്യാസങ്ങളുടെയും നോഡൽ സെന്ററായ ജോയിന്റ് ഓപ്പറേഷൻസ് സെന്റർ (കൊച്ചി) ആണ് അഭ്യാസം ഏകോപിപ്പിച്ചത്.

# വസന്തകാല ക്യാമ്പയിനുമായി ഫാബ് ഇന്ത്യ

**കൊച്ചി:** ലൈഫ്സ്റ്റൈൽ ബ്രാൻഡായ ഫാബ് ഇന്ത്യ വസന്തകാലത്തിനായി 'ദ സോങ് ഓഫ് സ്പ്രിംഗ്' എന്ന പുതിയ ക്യാമ്പയിന് തുടക്കം കുറിച്ചു. പരമ്പരാഗത ചിക്കൻകാരി എംബ്രോയിഡറിയെ ആസ്പദമാക്കി ഒരുക്കിയ പുതിയകളക്ഷനും പുറത്തിറക്കി. പുരുഷന്മാക്കും, സ്ത്രീകൾക്കും, കുട്ടികൾക്കുമായി എഥ്നിക്, വെസ്റ്റേൺ ശൈലികൾ ഉൾപ്പെടെ വിവിധ വിഭാഗങ്ങളിൽ ഈ കളക്ഷൻ ലഭ്യമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു. നൂറ്റാണ്ടുകൾ പഴക്കമുള്ള എംബ്രോയിഡറി ആധുനിക വസ്ത്രധാരണത്തോടൊപ്പം പരമ്പരാഗത കരകൗശല വൈദഗ്ധ്യത്തെ സംയോജിപ്പിക്കുന്ന ഈശേഖരം, പരുത്തി, ക്രേപ്പ്, നൂൽഡൈ ചെയ്ത ടെക്സ്ചറുകളിലുടനീളം ക്ലാസിക് പാസ്റ്റൽ നിറങ്ങൾക്ക് പുറമെ, പ്ലം, ബെറി, ഫ്യൂഷിയ എന്നിവയിൽ ചായംപൂശിയ ഊർജ്ജസ്വലമായ പാലറ്റ് ഈ ശ്രേണിയിൽ അവതരിപ്പിക്കുന്നു.

ഈ കളക്ഷന്റെ പ്രധാന ആകർഷണം കറുപ്പിലും വെളുപ്പിലും ഒരുക്കിയ മോണോക്രോം സീരീസ് ആണ്, ഉയർന്ന ദൃശ്യതീവ്രതയുള്ള എംബ്രോയിഡറി ഉപയോഗിച്ച് പരമ്പരാഗതവസ്ത്രങ്ങളെ ഉജ്ജ്വലമായ ആധുനിക സ്റ്റൈലാക്കി മാറ്റുന്നതാണ് ഇതിന്റെ പ്രത്യേകതയെന്നും കമ്പനി വക്താവ് പറഞ്ഞു.




# സൊണാറ്റയുടെ പുതിയ ബ്രാൻഡ് ഫിലിം പുറത്തിറങ്ങി

**കൊച്ചി:** സൊണാറ്റയുടെ പുതിയ ബ്രാൻഡ് ഫിലിം കാമ്പയിനായ 'വാച്ച് ഔട്ട് ഫോർ അസ്' പുറത്തിറങ്ങി. യുവ ഇന്ത്യയുടെ താളത്തിനൊപ്പം നീങ്ങുന്ന ഒരു ബ്രാൻഡ് എന്ന നിലയിൽ സൊണാറ്റയുടെ അടുത്ത അധ്യായത്തിനാണ് 'വാച്ച് ഔട്ട് ഫോർ അസ്' തുടക്കം കുറിക്കുന്നത്. പുതിയ തലമുറയിലെ ഉപഭോക്താക്കളുടെ മാനസികാവസ്ഥയുമായി പൊരുത്തപ്പെടുന്നതിനായി സൊണാറ്റ ബോധപൂർവമായ ഒരു ബ്രാൻഡ് പരിണാമത്തിന് വിധേയമായിട്ടുന്ന് ടൈറ്റൻ കമ്പനി അനലോഗ് വാച്ചസ് ചീഫ് മാർക്കറ്റിംഗ് ഓഫീസർ രഞ്ജനി കൃഷ്ണസ്വാമി പറഞ്ഞു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com